(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാങ്ങി; ഇതിന് എത്ര രൂപ ചെലവഴിച്ചു; എവിടെ നിന്നും വാങ്ങി; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡിപ്പോകൾ ഒന്നും തന്നെ അടച്ചുപൂട്ടിയിട്ടില്ല.

(ബി)

	വരുമാനം (രൂപ കോടിയിൽ)	ചെലവ് (രൂപ കോടിയിൽ)
2001-02	614.01	742.60
2002-03	655.36	775.30
2003-04	കണക്ക് പൂർത്തിയായിട്ടില്ല.	

(സി) 532 ബസ്സുകൾ വാങ്ങിയിട്ടുണ്ട്. ഇതിനായി ഏകദേശം 58,34,22,165 രൂപ ചെലവഴിച്ചിട്ടുണ്ട്. 40 മിനി ബസ്സുകൾ ടാറ്റായിൽ നിന്നും 69 എണ്ണം ഐഷർ മോട്ടോഴ്സിൽ നിന്നും വാങ്ങി. വലിയ ബസ്സുകളുടെ ചേസിസുകൾ അശോക് ലൈലാന്റിൽ നിന്നും, ടാറ്റായിൽ നിന്നും വാങ്ങി, കെ.എസ്.ആർ.ടി.സി.-യുടെ സെൻട്രൽ വർക്ക്സിലും സ്വകാര്യ സ്ഥാപനമായ ഹർഷാ വീൽ മൂവേഴ്സ്, ബാംഗ്ലൂർ, റ്റി.വി.എസ്. ഇരിസ്സാർ വീരാളി മലൈ, ഹൈടെക് ആട്ടോ ക്രാഫ്റ്റ്, ചന്തിനൂർ എന്നി വിടങ്ങളിലും ബോഡി ചെയ്തിട്ടുള്ളതാണ്.

കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസ്സുകൾ

78 [513] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ട്;

(ബി) ബസ് ബോഡി നിർമ്മാണവുമായി ബന്ധപ്പെട്ട് സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ; പാലിച്ചിട്ടില്ലെങ്കിൽ ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 532 ബസ്സുകൾ.

(ബി) സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശബരിമല യാത്രയ്ക്ക് കെ.എസ്.ആർ.ടി.സി. കൂടുതൽ ചാർജ്ജ് ഈടാക്കുന്നതായ പരാതി

79 [514] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യാത്രയ്ക്ക് കെ.എസ്.ആർ.ടി.സി. സാധാരണ നിരക്കിനേക്കാൾ കൂടുതൽ ചാർജ്ജ് ഈടാക്കുന്നതായ പരാതി സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ശബരിമലയിലേക്ക് ഇപ്പോൾ കെ.എസ്.ആർ.ടി.സി. വിവിധ തരം ബസ്സുകൾക്ക് കിലോമീറ്ററിന് എത്ര പൈസ നിരക്കിലാണ് ചാർജ്ജ് ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതും സാധാരണ നിരക്കും തമ്മിലുള്ള വ്യത്യാസം എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) വിവിധ തീർത്ഥാടകർക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒട്ടേറെ ആനുകൂല്യങ്ങൾ നൽകുന്ന സാഹചര്യത്തിൽ ശബരിമല തീർത്ഥാടകരിൽനിന്നും അമിത ചാർജ്ജ് ഈടാക്കുന്നത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ശബരിമല തീർത്ഥാടന കാലത്ത് ശബരിമലയിലേക്കുള്ള ബസ്സുകൾക്ക് കെ.എസ്.ആർ.ടി.സി. ഇളവുകൾ അനുവദിച്ച് സാധാരണ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ സർവ്വീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശബരിമല സ്പെഷ്യൽ സർവ്വീസിന് കിലോമീറ്റർ ഒന്നിന് സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് 55.2 പൈസയും ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾക്ക് 51.6 പൈസയും ഈടാക്കുന്നു.